# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

02-12-2014ൽ മറുപടിക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 376

### വൈദ്യുതി ചാർജ്ജ് വർദ്ധനയും കുടിശ്ശിക നൽകാനുള്ള സ്ഥാപനങ്ങളും

ചോദ്യം — ഉത്തരം

ശ്രീ. ആർ.രാജേഷ്

ശ്രീ. ആര്യാടൻ മുഹമ്മദ്.
(ഊർജ്ജ വകുപ്പ് മന്ത്രി.)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) 16.08.2014 മുതൽ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വർദ്ധിപ്പിച്ച നിരക്കിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) ഉണ്ട്<br>. വിശദാംശങ്ങൾ അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു. |
| (ബി) വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യം വിശദമാക്കുമോ ; | (ബി) വൈദ്യുതി വാങ്ങൽ ചെലവിലുണ്ടായ ക്രമാതീതമായ വർദ്ധനവും പണപ്പെരുപ്പവും ഇലക്ട്രിസിറ്റി സംബന്ധമായ സാധന- സാമഗ്രികളുടെ വിലയിലുണ്ടായ വൻവർദ്ധനവും കൂടാതെ മുൻകാലങ്ങളിൽ വൈദ്യുതിയുടെ ചെലവിനനുസൃതമായി താരിഫ് വർദ്ധിപ്പിക്കാത്തതും നിരക്ക് വർദ്ധനവിന് കാരണമാണ്. |
| (സി) വൈദ്യുതി ചാർജ്ജ് കുടിശ്ശിക നൽകാനുള്ള സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളുടെയും ഉന്നത സ്വകാര്യ സ്ഥാപനങ്ങളുടെയും വിശദാംശം വ്യക്തമാക്കുമോ; | സി) 30.09.2014-ലെ കുടിശ്ശികയുടെ കണക്ക് പ്രകാരം സർക്കാർ-അർദ്ധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 957.41 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്. സ്വകാര്യമേഖലയിൽ നിന്നും 612.69 കോടി രൂപാ കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്. (അനുബന്ധം-2). |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

| | |
|---|---|
| (ഡി) വൈദ്യുതി ചാർജ്ജ് കുടിശ്ശികയുള്ള സ്ഥാപനങ്ങളിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി ഒറ്റത്തവണതീർപ്പാക്കൽ, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തൽ, വൈദ്യുതി ബന്ധം വിച്ഛേദിക്കൽ, കോടതികളിലെ കേസുകൾ തീർപ്പാക്കൽ തുടങ്ങിയ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (ഇ) കുടിശ്ശികയായിട്ടുള്ള സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും കണക്ക് ജില്ല തിരിച്ച് ലഭ്യമാക്കുമോ ? | (ഇ) 30.09.2014 ലെ ത്രൈമാസ കണക്കുപ്രകാരം വൻകിട ഉപഭോക്താക്കളിൽ കുടിശ്ശിക വരുത്തിയ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 3-ൽ ചേർത്തിരിക്കുന്നു. എൽ.റ്റി. വിഭാഗത്തിൽ കുടിശ്ശികയായിട്ടുള്ള സ്ഥാപനങ്ങളുടെ/ വ്യക്തികളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെചേർക്കുന്നു. |

| ക്രമ നമ്പർ | ജില്ലയുടെ പേര് | കുടിശ്ശികയായിട്ടുള്ള സ്ഥാപനങ്ങളുടെ/ വ്യക്തികളുടെ എണ്ണം | കുടിശ്ശിക തുക (കോടി രൂപയിൽ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 17372 | 61.63 |
| 2 | കൊല്ലം | 6169 | 31.77 |
| 3 | പത്തനംതിട്ട | 1071 | 28.74 |
| 4 | കോട്ടയം | 11027 | 30.32 |
| 5 | ആലപ്പുഴ | 4702 | 34.23 |
| 6 | ഇടുക്കി | 1593 | 23.05 |
| 7 | എറണാകുളം | 3525 | 74.38 |
| 8 | തൃശ്ശൂർ | 2756 | 56.6 |
| 9 | പാലക്കാട് | 7232 | 50.97 |
| 10 | മലപ്പുറം | 3745 | 35.64 |
| 11 | കോഴിക്കോട് | 5689 | 16.29 |
| 12 | വയനാട് | 2348 | 10.86 |
| 13 | കണ്ണൂർ | 6079 | 25.26 |
| 14 | കാസർഗോഡ് | 2156 | 13.5 |
| | ആകെ | 75464 | 493.24 |

സെക്ഷൻ ഓഫീസർ